# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4579** **26.06.2014-ൽ മറുപടിക്ക്**

## ആസ്തി വികസന ഫണ്ട് ചെലവഴിക്കുവാനുണ്ടാകുന്ന കാലതാമസം

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിൽ ആസ്തി വികസന ഫണ്ട് ചെലവഴിക്കുവാനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ വേഗത്തിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ? | (ബി) | എം.എൽ.എ-മാർ നൽകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകി മറ്റു അനന്തര നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ Controlling Officer ആക്കിയിട്ടുള്ള 34 വർക്കുകൾക്ക് ഭരണാനുമതി നൽകി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണത്തിന് എൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിന് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ